# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **T 3913** **24.06.2014** ൽ മറുപടിയ്ക്ക്

### കരിമണൽ ഖനനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. എം. ഉമ്മർ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് കരിമണൽ ഖനനം വർദ്ധിക്കുന്നതായുളള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കരിമണൽ ഖനനം മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കുമോ; | (ബി) | ഉണ്ട്. കേരള സർക്കാർ, ജസ്റ്റിസ് കെ.ജോൺ മാത്യു ചെയർമാനായി ഒരു 4 അംഗ കമ്മിറ്റി 21/02/2005 ൽ രൂപീകരിക്കുകയും, പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. ശ്രീ.റ്റി.എം.മഹാദേവൻ ചെയർമാനായി 04/02/2004 ൽ 3 അംഗ കമ്മിറ്റിയും , പ്രൊഫസർ ത്രിവിക്രമജി. കെ.പി ചെയർമാനായി 13/01/2003 ൽ മറ്റൊരു കമ്മറ്റിയും രൂപീകരിക്കുകയും, പഠനം നടത്തുകയും ചെയ്തിട്ടുണ്ട്.<br><br><u>ജസ്റ്റിസ്.കെ.ജോൺ മാത്യു, ഡോ.കെ.കെ.ദിവേദി, ശ്രീ.ബി.സി.പോഡാർ എന്നിവരുടെ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ പ്രസക്തഭാഗങ്ങൾ</u><br><br>1. ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരപ്രദേശത്തുനിന്നും സ്ക്രാപിംഗ് രീതി അനുവർത്തിച്ചുകൊണ്ട് 30 സെ.മീറ്റർ ആഴത്തിൽ ധാതുമണൽ നീക്കം ചെയ്യാവുന്നതാണ്. കൂടാതെ കമ്മിറ്റി ശുപാർശ ചെയ്തിട്ടുളള മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് ഉൾപ്രദേശങ്ങളിൽ ചെറു സെക്ടറുകളായി തിരിച്ച് ഡ്രഡ്ജ് മൈനിങ് നടത്താവുന്നതാണ്.<br><br>2. കായലിൽ നിന്നും മണൽ നീക്കം ചെയ്യുന്ന പക്ഷം യന്ത്രസാമഗ്രികൾ ഉപയോഗിക്കാതെ കുട്ടകൾ ഉപയോഗിച്ച് നീക്കം ചെയ്യാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | <u>ടി.എം.മഹാദേവൻ, കെ.കൃഷ്ണൻ ഉണ്ണി, ആർ.ആർ.നായർ എന്നിവരുൾപ്പെട്ട വിദഗ്ദ്ധ സമിതി റിപ്പോർട്ടിലെ ശുപാർശയുടെ പ്രസക്തഭാഗങ്ങൾ</u><br><br>1. കടൽതീരങ്ങളിൽ കാലവർഷത്തെതുടർന്ന് ശേഖരിക്കപ്പെടുന്ന ധാതുമണൽ ഉപരിതലത്തിൽ നിന്നും അരമീറ്റർ താഴ്ചയിൽ യന്ത്രസാമഗ്രികളുടെ ഉപയോഗം കൂടാതെ ശേഖരിക്കാവുന്നതാണ്.<br><br>2. കായംകുളം -ആറാട്ടുപുഴയ്ക്ക് മദ്ധ്യേയുള്ള 400 മീറ്ററോ അതിൽ കൂടുതലോ ഉള്ള ബാരിയർ ബീച്ചിൽ നിന്നു മാത്രമേ ധാതു മണൽ ശേഖരണം നടത്താവൂ. ഇത്തരം പ്രദേശങ്ങളിൽ ഡ്രഡ്ജിംഗ് -കോൺസൺട്രേറ്റിംഗ് മെഷനറി ഉപയോഗിക്കാമെന്നാണ് ശുപാർശ.<br><br>3. കായംകുളം പൊഴി, ലെഗൂൺ, കനാൽ എന്നിവിടങ്ങളിൽ ചെറിയ തോതിൽ ജാഗ്രത പാലിച്ച് മാത്രമേ ഖനനം നടത്താവൂ ഇത്തരം ഖനനം പരിസ്ഥിതിയെ ബാധിക്കുന്നില്ല.<br><br><u>പ്രൊഫ.കെ.വി.ത്രിവിക്രമജി, ഡോ.സി.ജി.നമ്പ്യാർ, ശ്രീ.എൻ.കൃഷ്ണകുമാർ എന്നിവരുടെ റിപ്പോർട്ടിലെ ശുപാർശയുടെ പ്രസക്തഭാഗങ്ങൾ</u><br><br>1. ഖനനം മൂലം മേഖലയിലെ പരിസരവാസികളുടെ ദൈനംദിന ജീവിത രീതികളെ ചെറിയ തോതിൽ ബാധിക്കുമെങ്കിലും വ്യക്തമായ ആസൂത്രണത്തിലൂടെ ഇതിന് പരിഹാരം കണ്ടെത്താവുന്നതാണ്.<br>2. വ്യക്തമായ മുൻകൂട്ടി നിശ്ചയിച്ച പദ്ധതിയിലൂടെ മാത്രമേ ഡ്രഡ്ജിംഗ് ഉൾപ്പെടെയുള്ള ഖനന പ്രക്രിയകളിൽ ഏർപ്പെടാവൂ. |
| (സി) | നിയന്ത്രിതമായ തോതിൽ കരിമണൽ ഖനനം നടത്തുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ ? | (സി) | കരിമണൽ ഖനനം നടത്തുന്നത് 1957ലെ മൈൻസ് & മിനറൽസ് (നിയന്ത്രണവും വികസനവും) ആക്ടിൻ പ്രകാരം അനുവദിക്കുന്ന മൈനിങ് ലീസിന്റെ അടിസ്ഥാനത്തിലാണ്. അഞ്ചു ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് ആണ് അനുമതി<br>നൽകുന്നതെങ്കിൽ 1986 ലെ എൺവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം എൺവയോൺമെന്റൽ ക്ലിയറൻസ് ആവശ്യമാണ്. കോസ്റ്റൽ റെഗുലേഷൻ സോണിൽപ്പെട്ടതാണെങ്കിൽ കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസും ആവശ്യമാണ്. കൂടാതെ ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസ്, അറ്റോമിക് എനർജി എന്നീ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ അംഗീകരിച്ച മൈൻ പ്ലാനിന്റെ അടിസ്ഥാനത്തിലുമാണ് ഖനനം നടത്തേണ്ടത്. |

സെക്ഷൻ ഓഫീസർ